**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയംഭരണ വകുപ്പ്** - കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തുടർവിദ്യാഭ്യാസ കലോത്സവത്തിന്റെ (9-ാമത്) നടത്തിപ്പിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2523/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,11/11/2019**

---

**പരാമർശം:** - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 2/7/19, 20/08/2019 **തീയതികളിലെ** എ7/1923/19 കേ സം സാ മി അ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തുടർവിദ്യാഭ്യാസ കലോത്സവം (9-ാമത്) തിരുവനന്തപുരത്ത് വച്ച് നടത്തുവാനാണ് തീരുമാനിച്ചിരിയ്ക്കുന്നതെന്നും, അതിനു മുന്നോടിയായി ജില്ലാതല കലോത്സവങ്ങൾ സംഘടിപ്പിയ്ക്കേണ്ടതുണ്ടെന്നും, ജില്ലാതല കലോത്സവങ്ങൾ നടത്തുന്നതിന് അതാത് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2,500/- രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 4,000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് 20,000/- രൂപയും അനുവദിക്കുന്നതിനും, സംസ്ഥാന കലോത്സവത്തിന്റെ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്ന് 10,00,000/- രൂപയും നഗര സഭയി ൽ നിന്ന് 10,00,000/- രൂപയും തിരുവനന്തപുരം ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ നിന്ന് 1,00,000/- രൂപ വീതവും അനുവദിക്കണമെന്ന് പരാമർശ കത്തുകൾ പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ അപേക്ഷിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 9-ാമത് തുടർവിദ്യാഭ്യാസ കലോത്സവത്തിന്റെ ജില്ലാതല നടത്തിപ്പിന് അതതു ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2,500/- (രണ്ടായിരത്തി അഞ്ഞൂറ്) രൂപയും, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 4,000/- (നാലായിരം) രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്ന് 20,000/- (ഇരുപതിനായിരം) രൂപയും ,സംസ്ഥാനതല നടത്തിപ്പിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്ന് 2,00,000/- (രണ്ടു ലക്ഷം) രൂപയും, നഗരസഭയിൽ നിന്ന് 10,00,000/- (പത്ത് ലക്ഷം) രൂപയും, തിരുവനന്തപുരം ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ നിന്ന് 1,00,000/- (ഒരു ലക്ഷം) രൂപ വീതവും ,അതാത് തദ്ദേശ സ്ഥാപനത്തിന്റെ തനതു ഫണ്ടിൽനിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ , തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം മുഖേന )

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ,(പകർപ്പ്ഗ്രാമ വികസന കമ്മീഷണർ തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ